പാലളക്കുന്ന ക്ഷീരകർഷകർക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന കാലിത്തീറ്റ സബ്സിഡി പദ്ധതിയും നടപ്പിലാക്കിവരുന്നു. അധിക പാൽസംഭരണവുമായി ബന്ധപ്പെട്ട് ശാശ്വത പരിഹാരമെന്ന നിലയിൽ സംസ്ഥാനത്ത് ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

കാർഷികോല്പാദന രംഗത്തെ വികസനം

25 (*415) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എ. രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ പ്രവർത്തന ഫലമായി സംസ്ഥാനത്ത് കാർഷികോല്പാദനം ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കഴിഞ്ഞിട്ടുണ്ട്.

(ബി) ഉല്പാദനം വർദ്ധിച്ചതും മറ്റ് സംസ്ഥാനങ്ങളിലേക്കും വിദേശത്തേക്കുമുള്ള കയറ്റുമതി നിലച്ചതും വിളകളുടെ വിലത്തകർച്ചയ്ക്ക് കാരണമാകുകയും കർഷകർക്ക് കനത്ത നഷ്ടം വരുത്തുകയും ചെയ്ത കാര്യം പരിശോധിച്ചിട്ടുണ്ടോ?

സുഭിക്ഷകേരളം പദ്ധതി പ്രകാരം സംസ്ഥാനത്ത് കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനം വർദ്ധിക്കുന്ന സാഹചര്യം ഉണ്ടായെങ്കിലും കോവിഡ്-19 കാരണമുണ്ടായ അടച്ചിടലിന്റെ പശ്ചാത്തലത്തിൽ കർഷകർക്ക് ഉൽപ്പന്നങ്ങൾ മറ്റ സംസ്ഥാനങ്ങളിലേക്ക് എത്തിച്ചും പ്രാദേശിക വിപണി കണ്ടെത്തിയും വിറ്റഴിക്കുവാൻ സാധിക്കാത്ത സാഹചര്യമുണ്ടായതിനാൽ കർഷകർക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്.

(സി) വിപണി വിലയിലെ അസ്ഥിരത മറികടക്കുന്നതിന് കാർഷികോല്പന്നങ്ങൾ മൂല്യവർദ്ധിതോൽപ്പന്നങ്ങളാക്കി മാറ്റേണ്ടത് അനിവാര്യമായതിനാൽ ഈ ദിശയിൽ നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

കാർഷിക ഉൽപ്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയുമായി ബന്ധപ്പെട്ട കൃഷി വകുപ്പിന്റെയും സഹകരണ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന യൂണിറ്റുകൾ, സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന കാർഷിക മേഖലയിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരിക്കൽ എന്നിവ സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കുന്നുണ്ട്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് താഴെപ്പറയുന്ന പദ്ധതികളാണ് എസ്.എഫ്.എ.സി. വഴി നടപ്പാക്കുന്നത്.

1. സൂക്ഷ്മ തല സംരംഭം - 25 ലക്ഷം രൂപവരെയുള്ള സംരംഭം - 50 ശതമാനം പരമാവധി 10 ലക്ഷം വരെ സബ്സിഡി

2. ചെറുകിട സംരംഭം - 25 ലക്ഷം മുതൽ 1 കോടി വരെയുള്ള സംരംഭം - 40 ശതമാനം പരമാവധി 25 ലക്ഷം വരെ സബ്സിഡി

3. ഇടത്തരം സംരംഭം - 1 കോടി മുതൽ 5 കോടി വരെ - 30 ശതമാനം പരമാവധി 50 ലക്ഷം വരെ സബ്സിഡി.

ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി ഈ വർഷം 400 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കൂടാതെ 2020-21 വർഷത്തിൽ സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നതിനായി 200 ലക്ഷം രൂപ വകകൊള്ളിച്ചിരുന്നു. വൈഗ 2021-ന്റെ ഭാഗമായി സ്റ്റാർട്ടപ്പുകളെ സംഘടിപ്പിച്ചുകൊണ്ട് മാർക്കറ്റിംഗ് രംഗത്ത് ഓൺലൈൻ സംവിധാനം ഒരുക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന അഗ്രോ പാർക്കുകൾ ഓരോ വിളയെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്നവയാണ്. നാളികേരം, വാഴ, തേൻ, മാവ്, പച്ചക്കറികൾ എന്നിവയുടെ സംഭരണം, സംസ്കരണം, മൂല്യവർദ്ധനവ് എന്നിവ ലക്ഷ്യമാക്കിയാണ് പ്രവർത്തിക്കുവാൻ ഉദ്ദേശിക്കുന്നത്.

(ഡി) ശീതീകരണ സംവിധാനത്തോടെയുള്ള സംഭരണശാലകൾ സ്ഥാപിച്ച് വിലയുടെ കാര്യത്തിൽ ഇടനിലക്കാരുടെ ചൂഷണത്തിൽനിന്ന് കർഷകരെ സംരക്ഷിക്കാൻ നടപടിയുണ്ടാകുമോ?

കേരളത്തിലെ മിക്ക ഉൽപ്പന്നങ്ങളും ശീതീകരിച്ച സംഭരണ ശാലയിൽ കൂടുതൽ നാൾ സൂക്ഷിക്കാവുന്ന ഇനങ്ങളല്ല. എന്നിരുന്നാലും ജില്ലാ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും സംഭരിച്ചതും സംസ്കരിച്ചതുമായ പഴം-പച്ചക്കറികൾ കേടുകൂടാതെ ഉപഭോക്താവിന് എത്തിക്കുന്നതിനായി സപ്ലൈ ചെയിൻ മാനേജ്മെന്റിനും ലോജിസ്റ്റിക് സൗകര്യങ്ങൾക്കുമായി ശീതീകരിച്ച വാഹനങ്ങൾ എല്ലാ ജില്ലകൾക്കും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ശീതീകരിച്ച മൊബൈൽ വാഹന വിപണി കാർഷികരംഗത്തെ ശാക്തീകരിക്കുന്നതിന് നടപ്പിലാക്കാൻ അനുവദിച്ച പദ്ധതികളാണ്.

LIBRARY ARCHIVES Kerala Legislative Assembly